വാട്ടർ ടാക്സി സർവ്വീസ്

327 (1035) ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള ടൂറിസം ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ്, വാട്ടർ ടാക്സി സർവ്വീസ് നടത്തുന്നത് ഏതെല്ലാം സ്ഥലങ്ങളിലാണ് ;

(ബി) വാട്ടർ ടാക്സി ഡിസൈൻ ചെയ്തത് ഏതു ഏജൻസിയാണ് ; എവിടെയാണ് നിർമ്മിച്ചത് ; നിർമ്മാണ ചെലവ് എത്ര ;

(സി) എത്ര വാട്ടർ ടാക്സികൾ നിർമ്മിച്ചിട്ടുണ്ട്; ഓരോന്നിലും എത്ര പേർക്കുവീതം സഞ്ചരിക്കാം ; യാത്രാ നിരക്ക് എത്രയാണ് ;

(ഡി) പ്രസ്തുത പദ്ധതിക്ക് ആദ്യ ഭരണാനുമതി നൽകിയത് എപ്പോഴായിരുന്നു ; നിർമ്മിച്ച് കമ്മീഷൻ ചെയ്യാൻ എത്ര സമയമെടുത്തു എന്നറിയിക്കുമോ ?

ഉത്തരം

(എ) കൊച്ചി കേന്ദ്രമാക്കി ജലമാർഗ്ഗം എത്തിച്ചേരാവുന്ന വിവിധ കേന്ദ്രങ്ങളിലേക്കാണ് വാട്ടർ ടാക്സി സർവ്വീസുകൾ നടത്തുവാൻ ഇപ്പോൾ ഉദ്ദേശിക്കുന്നത്.

(ബി) പ്രസ്തുത പദ്ധതിയുടെ നിർവ്വഹണ ഏജൻസിയായ കിറ്റ്കോ മുഖേന കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയുടെ സാങ്കേതിക സഹായത്തോടുകൂടി വാട്ടർ ടാക്സിയുടെ രൂപകൽപ്പനയും നിർമ്മാണവും സമുദ്രഷിപ്പ്യാർഡ് പ്രൈവറ്റ് ലിമിറ്റഡ് ആണ് നിർവ്വഹിച്ചിട്ടുള്ളത്. ഇതിന് കേരള പോർട്ട് ഡിപ്പാർട്ടുമെന്റിന്റെ അനുമതിയും ലൈസൻസും ലഭിച്ചിട്ടുണ്ട്. 3 വാട്ടർ ടാക്സികളുടെ നിർമ്മാണ ചെലവിനായി 75 ലക്ഷം രൂപയുടെ ഭരണാനുമതിയാണ് നൽകിയത്.

(സി) ആറ് പേർക്ക് വീതം സഞ്ചരിക്കാവുന്ന മൂന്ന് വാട്ടർ ടാക്സികളാണ് ഇപ്പോൾ നിർമ്മിച്ചിട്ടുള്ളത്. സമയം, ദൂരം എന്നിവ കണക്കിലെടുത്തു കൊണ്ടുള്ള സോഫ്റ്റ്വെയർ അധിഷ്ഠിതമായ ബില്ലിംഗ് സംവിധാനം ആണ് വാട്ടർ ടാക്സി സർവ്വീസുകൾക്കായി ഒരുക്കിയിട്ടുള്ളത്. 15 മിനിട്ടോ അല്ലെങ്കിൽ 5 കിലോമീറ്ററോ സഞ്ചരിക്കുന്നതിന് 750 രൂപ മുതലുള്ള നിരക്കുകളാണ് ഇപ്പോൾ നിശ്ചയിച്ചിട്ടുള്ളത്.

(ഡി) 2-8-2013-ലാണ് ആണ് ആദ്യ ഭരണാനുമതി നൽകിയത്. 13-11-2014-ൽ പദ്ധതി കമ്മീഷൻ ചെയ്യപ്പെട്ടു. 15 മാസം കൊണ്ടാണ് പദ്ധതി പൂർത്തീകരിച്ചത്.

LIBRARY ARCHIVES Kerala Legislative Assembly